## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3571** **20.06.2018-ൽ മറുപടിക്ക്**

**തലശ്ശേരി താലൂക്ക് ആശുപത്രിയുടെ സമഗ്രവികസനം**

**ചോദ്യം**

**ശ്രീ. എ. എൻ. ഷംസീർ**

**മറുപടി**

**കെ.കെ. ശൈലജ ടീച്ചർ**

(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 2018-19 വർഷത്തെ ബഡ്ജറ്റിൽ തലശ്ശേരി താലൂക്ക് ആശുപത്രിയുടെ സമഗ്ര വികസനത്തിന് തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ അത് എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | തലശ്ശേരി താലൂക്ക് ആശുപത്രി അപ്ഗ്രേഡ് ചെയ്ത് ഇപ്പോൾ ജനറൽ ആശുപത്രി ആയിട്ടാണ് പ്രവർത്തിക്കുന്നത്.<br><br>2018-19 വർഷത്തെ ബഡ്ജറ്റിൽ തലശ്ശേരി ജനറൽ ആശുപത്രിയ്ക്ക് മാത്രമായി തുക വകയിരുത്തിയിട്ടില്ല. ആശുപത്രിയുടെ വികസനത്തിനായി വിവിധ വാർഷിക പദ്ധതികളിൽ വകയിരുത്തിയ തുക വിനിയോഗിച്ച് ഉപകരണങ്ങൾ വാങ്ങുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത വികസനം നടപ്പിലാക്കുന്നതിന് എന്തെങ്കിലും തരത്തിലുള്ള നടപടി ക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ടോ? | (ബി) | ആരോഗ്യ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങൾ ശക്തിപ്പെടുത്തൽ എന്ന വാർഷിക പദ്ധതി വഴി തലശ്ശേരി ജനറൽ ആശുപത്രിയ്ക്ക് 149.66 ലക്ഷം രൂപയുടെ ഉപകരണങ്ങളും, സൂപ്പർ സ്പെഷ്യാലിറ്റി സംവിധാനം വികസിപ്പിക്കൽ എന്ന പദ്ധതി വഴി 197.01 ലക്ഷം രൂപയുടെ ഉപകരണങ്ങളും വാങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**